പത്രക്കുറിപ്പ്
6-3-2017

## കുടുംബശ്രീ മാതൃക ഇനി ലക്ഷദ്വീപിലും

തിരുവനന്തപുരം: കുടുംബശ്രീ മാതൃക ലക്ഷദ്വീപിലും നടപ്പാക്കുന്നു. കേരളത്തിലെ സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ ലക്ഷദ്വീപിലും നടപ്പാക്കുന്നതിന് ഇതു സംബന്ധിച്ച് ഡൽഹിയിലും ലക്ഷദ്വീപിലുമായി നടന്ന ഉന്നതതല ചർച്ചയിൽ തീരുമാനമായി. ധാരണാപത്രം ഒപ്പുവയ്ക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്.

ലക്ഷദ്വീപിലെ കവരത്തി, കടമാട്ട്, അമീനി, അഗത്തി എന്നീ ദ്വീപുകളിലാണ് ആദ്യഘട്ടത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ആരംഭിക്കുക. ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ ഭാഗമായി ഇവിടെയും സ്ത്രീകളുടെ സ്വയംസഹായ ഗ്രൂപ്പുകളുടെ രൂപീകരണവും ഉപജീവനപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയുമാണ് കുടുംബശ്രീ ചെയ്യുക. ഇതിനായി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ കീഴിൽ ഇതരസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മെന്റർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഒരു ദ്വീപിൽ ഒരാൾ എന്ന നിലയ്ക്കാണ് കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുക. ധാരണാപത്രം ഒപ്പു വയ്ക്കുന്ന മുറയ്ക്ക് ലക്ഷദ്വീപിൽ പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ള കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കും. പത്തു ദ്വീപുകളുള്ള ലക്ഷദ്വീപിൽ പദ്ധതി തുടങ്ങി ഒരുവർഷത്തിനുള്ളിൽ തന്നെ മറ്റു നാലു ദ്വീപുകളിലേക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ലക്ഷദ്വീപിലെ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം മാർച്ച് അവസാനം കേരളത്തിലെത്തി കുടുംബശ്രീ മുഖേന നടപ്പാക്കിയ കാർഷിക സൂക്ഷ്മസംരംഭ മേഖലയിലെ വിജയിച്ച മാതൃകകൾ സന്ദർശിക്കും.

നിലവിൽ പതിനൊന്നോളം സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കി വരികയാണ്. ഇതാദ്യമായാണ് കേന്ദ്രഭരണ പ്രദേശത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ